# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2872

19.06.14 ൽ - മറുപടിക്ക്

## റേഷൻ കാർഡിനൊപ്പം സ്മാർട്ട് കാർഡ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ. റ്റി. ജോർജ്<br>,, എ. പി. അബ്ദുള്ളക്കുട്ടി<br>,, ഷാഫി പറമ്പിൽ<br>,, ലൂഡി ലൂയിസ് | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും, രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) റേഷൻ കാർഡിനൊപ്പം സ്മാർട്ട് കാർഡും ഏർപ്പെടുത്താനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ; | (എ) ഉണ്ട്. പൊതുവിതരണ രംഗത്ത് കമ്പ്യൂട്ടർവൽക്കരണം നടപ്പിലാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇതോടൊപ്പം സ്മാർട്ട് കാർഡ് ഏർപ്പെടുത്തുന്നതിന് തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്. |
| (ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) റേഷൻസാധനങ്ങൾ അർഹരായ കാർഡുടമകൾക്ക് തന്നെയാണ് ലഭിക്കുന്നത് എന്ന് ഉറപ്പുവരുത്തുന്നതിനും റേഷൻവ്യാപാരികൾ റേഷൻ സാധനങ്ങൾ ദുർവിനിയോഗം നടത്തുന്നത് തടയുന്നതിനും സ്മാർട്ട് കാർഡ് ഉപയോഗപ്പെടുന്നു. കൂടാതെ അനർഹമായി റേഷൻകാർഡുകൾ കൈവശം വയ്ക്കുന്നതും കൈമാറ്റം ചെയ്യുന്നതും തടയുവാൻ കഴിയും. |
| (സി) സ്മാർട്ട് കാർഡിൽ എന്തെല്ലാം വിവരങ്ങളാണ് ഉൾപ്പെടുത്താനുദ്ദേശിക്കുന്നത്; വിശദമാക്കുമോ; | (സി) പേപ്പർ റേഷൻകാർഡിലുള്ള എല്ലാ വിവരങ്ങളും സ്മാർട്ട് കാർഡിൽ ഉണ്ടായിരിക്കും. |
| (ഡി) പദ്ധതി നടപ്പാക്കുന്നതിന് ഭരണ തലത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (ഡി) പൊതുവിതരണ രംഗത്ത് ആദ്യന്ത കമ്പ്യൂട്ടർവൽക്കരണം സംബന്ധിച്ച വിശദമായ പ്രോജക്ട് റിപ്പോർട്ടിന് മന്ത്രിസഭയുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച തുടർനടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ